"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.അജയ്.പി ഫയൽ ചെയ്ത WP(C) 41515/2023 മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച 12.12.2023-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.2576/2024/GEDN തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.അജയ്.പി സർക്കാരിൽ സമർപ്പിച്ച 29/11/2023 തീയതിയിലെ പരിശോധനാ ഹർജി(Ext.P6).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 41515/2023 മേലുള്ള 12/12/2023 തീയതി വിധിന്യായം.
3. മണ്ണാർക്കാട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/02/2024 തീയതിയിലെ എഇഒഎംആർഡി/210/2024-ഡി നമ്പർ കത്ത്
4. മണ്ണാർക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 14/02/2024 തീയതിയിലെ ഡിഇഒഎംകെഡി/2696/2023-ബി1 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14/02/2024 തീയതിയിലെ ജി1/2461/2024/-ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.അജയ്.പി ഫയൽ ചെയ്ത WP(C) 41515/2023 മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 (Ext.P6) പുന പരിശോധനാ ഹർജി ഹർജിക്കാരനെയും അഞ്ചാം എതിർക്ഷിയായ ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കാൻ ടി റിട്ട് ഹർജിയിലെ ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ഹർജിക്കാരനെയും ബന്ധപ്പെട്ട കക്ഷികളെയും 14.2.2023-ൽ നേരിൽ കേട്ടു.

2. ഹർജിക്കാരന്റെയും സ്കൂൾ മാനേജരുടെയും വാദങ്ങൾ താഴെ കൊടുക്കുന്നു.

ഈ സ്കൂളിലെ എൽ.പി.എസ്.ടി ആയ ശ്രീ.കൃഷ്ണദാസിനെ 1.6.2020 മുതൽ എച്ച്.എം ആയി പ്രൊമോട്ട് ചെയ്ത ഒഴിവിൽ ഹർജിക്കാരനെ എൽ.പി.എസ്.ടി ആയി 15.7.2021 മുതൽ നിയമിച്ചു. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിയമന തീയതിയിൽ ഉള്ളതല്ല, കെ.ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്നീ കാരണങ്ങളാൽ ഈ നിയമനം മണ്ണാർക്കാട് എ.ഇ.ഒ നിരസിച്ചു.

ഇതിനെതിരെ മാനേജർ മണ്ണാർക്കാട് ഡി.ഇ.ഒ ക്ക് അപ്പീൽ സമർപ്പിച്ചു. കെ.ടെറ്റ് യോഗ്യത നേടിയിട്ടുള്ളതിനാൽ മറ്റ് തരത്തിൽ യോഗ്യമെങ്കിൽ നിയമനം അംഗീകരിക്കാൻ മണ്ണാർക്കാട് ഡി.ഇ.ഒ ഉത്തരവ് നൽകി. എന്നാൽ കെ.ടെറ്റ് നേടിയത് നിയമന തീയതിക്ക് ശേഷമാണെന്നും നിയമന തീയതിക്ക് ശേഷം കെ.ടെറ്റ് നേടിയവരുടെ നിയമനം അംഗീകരിക്കാൻ നിലവിൽ സർക്കാർ ഉത്തരവുകൾ ഇല്ലെന്നും കാണിച്ച് മണ്ണാർക്കാട് എ.ഇ.ഒ നിയമനം വീണ്ടും നിരസിച്ചു. തുടർന്ന് നൽകിയ റിവിഷൻ അപ്പീൽ ഇതേ കാരണത്താൽ ഡി.ജി.ഇ നിരസിച്ചു.

നിയമന തീയതിയായ 15.7.2021-ന് എനിക്ക് കെ.ടെറ്റ് യോഗ്യത ഇല്ലെങ്കിലും അതിന് ശേഷം ഞാൻ പ്രസ്തുത യോഗ്യത കരസ്ഥമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ എന്റെ നിയമനം അംഗീകരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് സവിനയം അഭ്യർത്ഥിക്കുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ മണ്ണാർക്കാട്, ജില്ല വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട് എന്നിവർ സമർപ്പിച്ച സമാനമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കോട്ടോപ്പാടം ഈസ്റ്റ് എൽ.പി.സ്കൂളിലെ അദ്ധ്യാപകൻ ശ്രീ.കൃഷ്ണദാസ്.എം നെ 1.6.2020 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിലേക്ക് ശ്രീ.അജയ്.പി യെ 15.7.2021 മുതൽ മാനേജർ നിയമിച്ചു.

ശ്രീ.അജയ്.പി നിയമന സമയത്ത് കെ-ടെറ്റ് യോഗ്യത നേടിയിരുന്നില്ല എന്നതിനാൽ ടി നിയമനം എ.ഇ.ഒ നിരസിച്ചു നൽകിയിരുന്നു. ഇതിനെതിരെ മാനേജർ അപ്പീൽ നൽകുകയും ടിയാൻ 08/2021-ലെ കെ-ടെറ്റ് പരീക്ഷ വിജയിച്ചതായിട്ടുള്ള അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ല വിദ്യാഭ്യാസ ഓഫീസർ ടി അപ്പീൽ അനുവദിച്ചു ഉത്തരവാകുകയും ചെയ്തു.

മണ്ണാർക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അപ്പീൽ അനുവദിച്ച പ്രകാരം ശ്രീ.അജയ്.പി യുടെ നിയമനാംഗീകാര പ്രൊപ്പോസൽ എ.ഇ.ഒ പുന:പരിശോധിച്ചു. സർക്കാർ ഉത്തരവ് (കൈ) നം.58/2021/പൊ.വി.വ തീയതി 12.2.2021 പ്രകാരം എയ്ഡഡ് സ്കൂളിൽ 2019-20 വർഷം വരെ നിയമിതരായ അദ്ധ്യാപകർക്ക് കെ-ടെറ്റ് യോഗ്യത നേടുന്നതിന് 2020-21 സ്കൂൾ വർഷാവസാനം വരെ സമയ പരിധി ദീർഘിപ്പിച്ചു നൽകിയെങ്കിലും 2019-20 നു ശേഷം നിയമനം നൽകുന്നതിന് കെ-ടെറ്റ് യോഗ്യത നേടണമെന്ന് നിർബന്ധമാണ് എന്നതിനാലും ശ്രീ.അജയ്.പി നിയമന സമയത്ത് കെ-ടെറ്റ് യോഗ്യത നേടാത്തതിനാലും ശ്രീ.അജയ്.പി യുടെ നിയമനം വീണ്ടും നിരസിച്ചു നൽകി.

ഇതിനെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. എന്നാൽ ടിയാൻ നിയമന സമയത്ത് കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണത്താൽ ഈ കാര്യാലയത്തിലെ 25.11.2023 തീയതിയിലെ ജി1/238236/2022 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത അപ്പീൽ നിരസിച്ചു നൽകി.

ശ്രീ.അജയ്.പി കെ.ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ ടിയാനെ നിയമിച്ച് പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം പരിഗണിക്കാവുന്നതാണ് എന്ന് കാണുന്നു.

എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം രണ്ട് എൽ.പി.എസ്.ടി തസ്തിക കുറവു വന്നതിനാൽ ശ്രീ.അജയ് പി-ക്ക് നിലനിൽക്കുന്നതിനുള്ള തസ്തിക ലഭ്യമല്ല എന്ന് എ.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, ഹിയറിംഗ്

സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു . കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി സ്കൂളിൽ സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീ.അജയ്.പി യെ 15.7.2021 മുതൽ ലോവർ പ്രൈമറി സ്കൂൾ ടീച്ചറായി മാനേജർ നിയമിച്ചു. നിയമന സമയത്ത് കെ.ടെറ്റ് യോഗ്യത നേടിയിരുന്നില്ല എന്ന കാരണത്താൽ ഉപജില്ല വിദ്യാഭ്യാസ ഓഫീസറും, പൊതുവിദ്യാഭ്യാസ ഡയറക്ടറും നിയമനം നിരസിച്ചിരുന്നു. എന്നാൽ കെ-ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ ഹർജിക്കാരനെ നിയമിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ടി നിയമനം പരിഗണിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം രണ്ട് ലോവർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തിക കുറവ് വന്നതിനാൽ ഹർജിക്കാരന് നിലനിൽക്കുന്നതിനുള്ള തസ്തിക ലഭ്യമല്ല എന്ന് ഉപജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ.അജയ്.പി യെ കെ.ടെറ്റ് യോഗ്യത നേടിയ തീയതി മുതൽ നിയമിച്ച് മാനേജർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഭിന്നശേഷി സംവരണം പാലിച്ച് ടി നിയമനം പരിഗണിക്കുവാൻ മണ്ണാർക്കാട് ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പാലക്കാട് ജില്ലയിലെ കോട്ടോപ്പാടം ഈസ്റ്റ് എ.എൽ.പി സ്കൂളിലെ ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീ.അജയ്.പി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പരിശോധനാ ഹർജി(Ext.P6) തീർപ്പാക്കി അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്.
മാനേജർ, ഈസ്റ്റ് എ.എൽ.പി സ്കൂൾ, കോട്ടോപ്പാടം ഈസ്റ്റ്, കോട്ടോപ്പാടം, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, ഈസ്റ്റ് എ.എൽ.പി സ്കൂൾ, കോട്ടോപ്പാടം ഈസ്റ്റ്, കോട്ടോപ്പാടം, പാലക്കാട്.
ശ്രീ.അജയ്.പി, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ ഈസ്റ്റ് എ.എൽ.പി സ്കൂൾ, കോട്ടോപ്പാടം ഈസ്റ്റ്, കോട്ടോപ്പാടം, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 05-04-2024 16:23:49
സെക്ഷൻ ഓഫീസർ

സ.ഉ.(സാധാ) നം.2576/2024/GEDN